# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3938 — 18/10/2011 ൽ മറുപടിക്ക്

## അദ്ധ്യാപകരുടെ ദിവസവേതനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; | (എ) യും (ബി) യും<br>പ്രസ്തുത ഉത്തവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | |
| (സി) | വി.എച്ച്.എസ്.ഇ. വിഭാഗത്തിലെ ദിവസവേതനക്കാരായ അദ്ധ്യാപകർക്ക് വേതനം വർദ്ധിപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (സി) യും (ഡി) യും<br>സർക്കാരിന്റെ സജീവ പരിഗണനയിലാണ് |
| (ഡി) | ഇവരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള സർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസം—ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിലുള്ള അദ്ധ്യാപക നിയമനം—വേതന നിരക്ക് വർദ്ധിപ്പിച്ച്—ഉത്തരവാകുന്നു

---

## പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

**ജി. ഒ. (പി) നമ്പർ 169/11/പൊ.വി.വ.** **തിരുവനന്തപുരം, 2011 സെപ്റ്റംബർ 6.**

---

പരാമർശം:— 1. സ. ഉ. (പി) നമ്പർ 249/2/പൊ.വി. തീയതി 14-8-2002.

2. സ. ഉ. (പി) നമ്പർ 1/5/പൊ.വി. തീയതി 1-1-2005.

3. സ. ഉ. (പി) നമ്പർ 80/7/പൊ.വി. തീയതി 19-4-2007.

4. സ. ഉ. (പി) നമ്പർ 56/11/പൊ.വി. തീയതി 26-2-2011.

## ഉത്തരവ്

സൂചന ഒന്നിലെ സർക്കാർ ഉത്തരവുപ്രകാരം സർക്കാർ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചു. സർക്കാർ സ്കൂളുകളിലെ ദിവസവേതനനിരക്ക് എയ്ഡഡ് സ്കൂളുകൾക്കും ബാധകമാക്കി സൂചന രണ്ട് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന ഹൈസ്കൂൾ അദ്ധ്യാപകന് 250 രൂപയും, പ്രൈമറി സ്കൂൾ അസിസ്റ്റന്റിന് 200 രൂപയുമാണ് സൂചന മൂന്നിലെ ഉത്തരവുപ്രകാരം നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ എയ്ഡഡ് സ്കൂളുകളിൽ 8 മാസത്തിൽ കുറവായ ഒഴിവുകളിലേക്കാണ് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്.

(2) ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന അദ്ധ്യാപകരുടെ വേതനനിരക്ക് വർദ്ധിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ

അടിസ്ഥാനത്തിൽ പാർട്ട്-ടൈം അദ്ധ്യാപകർക്ക് ആഴ്ചയിൽ പരമാവധി മൂന്നു ദിവസം എന്ന് നിജപ്പെടുത്തിക്കൊണ്ട് ദിവസവേതനാടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിയമിതരാകുന്ന ഹൈസ്കൂൾ അസിസ്റ്റന്റിന് ദിവസവേതനം 250 രൂപയിൽ നിന്ന് 500 രൂപയായും, പ്രൈമറി സ്കൂൾ അസിസ്റ്റന്റിന് 200 രൂപയിൽനിന്നും 400 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

(3) പൊതുവിദ്യാഭ്യാസ വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന പാർട്ട്-ടൈം മീനിയലിന് 180 രൂപ നിശ്ചയിച്ചുകൊണ്ടും ഉത്തരവാകുന്നു. ഈ ഉത്തരവിന് 1-6-2011 മുതൽ മുൻകാലപ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എം. ശിവശങ്കർ,
*സെക്രട്ടറി.*

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
} പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ· ആന്റ് ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്

ഡയറക്ടർ, ഐ.ടി. @ സ്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.